(സി) ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. നേരിട്ടു നിയമനം നടത്തേണ്ട ഒഴിവുകൾ കാലാകാലം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്.

(ഡി) അത്തരം ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അവ നികത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

പോലീസ് ഉദ്യോഗസ്ഥന്മാരുടെ വിദേശ സന്ദർശനം

83 (84) ശ്രീ. എം. കെ. മുനീർ :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ എത്ര പോലീസ് ഉദ്യോഗസ്ഥന്മാർ വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട് ;

(ബി) ഇവരുടെ സന്ദർശനോദ്ദേശ്യം എന്തായിരുന്നു ;

(സി) ഔദ്യോഗികാവശ്യങ്ങൾക്കായി പോയവരെത്ര ;

(ഡി) സ്വകാര്യാവശ്യത്തിനായി പോയ്വരെത്ര ; ആരെല്ലാം ;

(ഇ) ഇവരിൽ ആഫീസർമാർ എത്ര ; കോൺസ്റ്റബിൾമാർ എത്ര ?

ഉത്തരം

(എ -ഇ) വിവരം ശേഖരിച്ചുവരുന്നു.

പോലീസ് ഉദ്യോഗസ്ഥരുടെ വിദേശ പര്യടനം

84 (85) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം എസ്.പി. റാങ്കിലോ അതിനു മുകളിലോ ഉള്ള എത്ര പോലീസ് ഉദ്യോഗസ്ഥൻമാർ തെക്ക് കിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട് ;

(ബി) ഇവർ ആരെല്ലാമെന്ന് പറയുമോ ; അവർ ഏതെല്ലാം തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ സന്ദർശിച്ചുവെന്ന് പറയുമോ ;

(സി) ഈ രാജ്യങ്ങൾ സന്ദർശിച്ചതിന്റെ ഉദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു എന്നു വിശദമാക്കാമോ ;

(ഡി) ഈ രാജ്യങ്ങൾ സന്ദർശിച്ച പേരിൽ അവർ ഒരോരുത്തരും എത്ര ടി.എ., ഡി.എ., എന്റർടെയിൻമെന്റ് അലവൻസ് എന്നിവ പറ്റിയിട്ടുണ്ട് ;

(ഇ) ഈ സന്ദർശനത്തിനുവേണ്ടി അവർ ഓരോരുത്തരും എന്തു തുകയ്ക്കുള്ള ഫോറിൻ കറൻസി നേടിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

സി.ആർ.പി.എഫ്. കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

85 (86) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കണ്ണൂർ ജില്ലയിലെ പെരിങ്ങോത്ത് അനുവദിച്ച സി.ആർ.പി.എഫ്. കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

സി.ആർ.പി.എഫ്. കേന്ദ്രത്തിന് കണ്ണൂർ ജില്ലയിൽ പെരിങ്ങോം വില്ലേജിൽ 111.6640 ഹെക്ടർ ഭൂമി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതായി അറിയുന്നു.

പത്ര സ്ഥാപനങ്ങളിലെ പോലീസ് അതിക്രമം

86 (87) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം എത്ര പത്രസ്ഥാപനങ്ങളിൽ പോലീസ് കടന്നുകയറി അക്രമ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് ;

(ബി) ഇതിന്റെ ഫലമായി എത്രപേർക്ക് പരിക്കേറ്റു ; എന്തെല്ലാം നാശനഷ്ടങ്ങളുണ്ടായി ; ഏതെല്ലാം പത്രസ്ഥാപനങ്ങളിലാണ് ഇക്കാലത്ത് പോലീസ് അതിക്രമം നടത്തിയത് ;

(സി) ഇക്കാലത്ത് ഏതെല്ലാം പത്ര മാധ്യമങ്ങളുടെ പ്രതിനിധികളെ പോലീസ് കയ്യേറ്റം നടത്തുകയോ അവരുടെ സാധന സാമഗ്രികൾ നശിപ്പിക്കുകയോ ചെയ്തിട്ടുണ്ട് ;

(ഡി) പോലീസ് കയ്യേറ്റത്തിന് വിധേയരായതോ സാധനസാമഗ്രികൾ നശിപ്പിക്കപ്പെടുകയോ ചെയ്യപ്പെട്ട പത്ര മാധ്യമ പ്രതിനിധികളും സാധന സാമഗ്രികൾ നഷ്ടപ്പെട്ട മറ്റു പത്രമാധ്യമ പ്രതിനിധികളും ആരെല്ലാമെന്ന് പറയുമോ ?

ഉത്തരം

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും പത്ര സ്ഥാപനത്തിൽ പോലീസ് കയ്യേറി അക്രമം നടത്തിയ സംഭവം ഉണ്ടായിട്ടില്ല.

(ബി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും പത്ര സ്ഥാപനത്തിൽ പോലീസ് അക്രമം നടത്തിയിട്ടില്ലാത്തതിനാൽ ആർക്കും പരിക്ക് പറ്റിയ സംഭവമുണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly